(ഇ) സംസ്ഥാനത്ത് ഇൻഡ്യാ ഇക്കോ ഡെവലപ്പ്മെന്റ് പദ്ധതിക്ക് ലഭിക്കുന്ന തുക താഴെ പറയുന്ന പ്രവർത്തികൾക്കു ചെലവാക്കുന്നു. സ്റ്റാഫ് ക്വാർട്ടേഴ്സുകൾ, പട്രോളിംഗ് ക്യാമ്പ്, വാച്ച് ടവറുകൾ എന്നിവയുടെ നിർമ്മാണം, റോഡുകളുടെയും ട്രക്കു പാത്തുകളുടെയും വികസനം, ഫയർ പ്രൊട്ടക്ഷൻ വർക്കുകൾ എന്നിവ നടപ്പാക്കുന്നു. കൂടാതെ വയൽ സംരക്ഷണം, നാശോന്മുഖമാകുന്ന പ്രദേശങ്ങളുടെ പുനരുജ്ജീവിതം എന്നീ പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു. സംരക്ഷണ പ്രവർത്തനത്തിനു വേണ്ട വയർലെസ് സെറ്റുകൾ വാങ്ങാനും ഈ തുക വിനിയോഗിച്ചിട്ടുണ്ട്. ഘടനപദ്ധതിയായ വില്ലേജ് ഇക്കോ ഡെവലപ്പ്മെന്റ് പദ്ധതിയിൻ കീഴിൽ തദ്ദേശവാസികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഇക്കോ ഡവലപ്പ്മെന്റ് കമ്മിറ്റികൾ, മൈക്രോപ്ലാനുകൾ തയ്യാറാക്കുകയും അവ നടപ്പിൽ വരുത്തുകയും ചെയ്യുന്നു. ഇതുവരെ ഇത്തരത്തിലുള്ള 55 ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പുതുതായി 15 ഇക്കോ ഡെവലപ്പ്മെന്റ് കമ്മറ്റികൾ രൂപീകരിക്കുന്നതിന്റെ പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുന്നു. ബോധവത്കരണപ്രവർത്തനത്തിന്റെ ഭാഗമായി പ്രകൃതിപഠനക്യാമ്പുകൾ സിനിമാ പ്രദർശനങ്ങൾ, ട്രയിനിംഗ് ക്യാംപുകൾ എന്നിവയും നടത്തി വരുന്നുണ്ട്.

(എഫ്) 2000-മാണ്ട് ഒക്ടോബർ മാസത്തിൽ പെരിയാർ ടൈഗർ റിസർവിലുള്ള കടുവകളുടെ സെൻസസ് എടുക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇത് കഴിയുമ്പോൾ മാത്രമേ കടുവകളുടെ എണ്ണത്തിലുള്ള വർദ്ധനവ് തിട്ടപ്പെടുത്താനാവു.

(ജി)&(എച്ച്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ നിയമനം

55(1015)ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ എ.എം.വി.ഐ. മാരെ നേരിട്ടും പ്രൊമോഷൻ വഴിയും നിയമിക്കുന്നതിൽ അനുപാതം നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രയെന്നും അത് നിലവിൽ വന്നതാണെന്നും വെളിപ്പെടുത്തുമോ;

(സി) അനുപാതം നിലവിൽ വന്നശേഷം ആകെ എത്ര എ.എം.വി. ഐ. മാരെ നിയമിച്ചിട്ടുണ്ടോ;

(ഡി) ഇതിൽ നേരിട്ടുള്ള നിയമനം ലഭിച്ചവരും പ്രൊമോഷൻ മുഖേന നിയമനം ലഭിച്ചവരും എത്ര വീതം;

(ഇ) ആശ്രിത നിയമന പദ്ധതി പ്രകാരം എത്ര പേരെ എ.എം.വി. ഐ. ആയി നിയമിച്ചിട്ടുണ്ട്; ഇവരെ പ്രൊമോഷൻ മുഖേനമുള്ള നിയമനം ലഭിച്ചവരിലാണോ, നേരിട്ടുള്ള നിയമനം ലഭിച്ചവരിലാണോ, ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മോട്ടോർ വാഹന വകുപ്പിൽ പ്രൊമോഷൻ വഴി എ.എം.വി. ഐ.മാരെ നിയമിക്കാറില്ല എന്നതിനാൽ അനുപാതത്തിന്റെ പ്രശ്നം ഉദിക്കുന്നില്ല.

(ബി)-(ഡി) ബാധകമല്ല.

(ഇ) 1-1-90 ന് ശേഷം 10 പേരെ ആശ്രിത നിയമന പദ്ധതി പ്രകാരം എ.എം.വി.ഐ. മാരായി നിയമിച്ചിട്ടുണ്ട്. പ്രൊമോഷൻ വഴി നിയമനമില്ലാത്തതുകൊണ്ട് ബാധകമല്ല.

കുമിളി കെ.എസ്.ആർ.ടി.സി ഡിപ്പോ

56(1018)ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പുതിയ ഡിപ്പോകൾ തുടങ്ങുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെ ആണെന്ന് വ്യക്തമാക്കുമോ;

(ബി) കുമിളി ഡിപ്പോ ആരംഭിച്ചത് ഈ മാനദണ്ഡങ്ങൾ അനുസരിച്ചാണോ;

(സി) ഈ ഡിപ്പോയ്ക്കുവേണ്ടി ജീവനക്കാരിൽ നിന്നും പിരിവ് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങൾ വ്യക്തമാക്കുമോ;

(ഇ) ഈ പിരിവ് സംബന്ധിച്ച് തൊഴിലാളികൾക്കുള്ള പ്രതിഷേധം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ തൊഴിലാളികളിൽ നിന്നും നിർബന്ധിതമായുള്ള പിരിവ് നിർത്തലാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ദേശസാൽകൃത മേഖലയ്ക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് ജനസാന്ദ്രതയുള്ള പ്രദേശത്താണ് സാധാരണ പുതിയ ഡിപ്പോ തുടങ്ങുന്നത്. ഡിപ്പോയ്ക്ക് ആവശ്യമായ സ്ഥലം പഞ്ചായത്തോ മറ്റ് സ്വയംഭരണ സ്ഥാപനങ്ങളോ സൗജന്യമായി കെ.എസ്.ആർ.ടി.സി.-ക്ക് കൈമാറണം. ഡിപ്പോ തുടങ്ങുന്നതിനാവശ്യമായ കെട്ടിടവും മറ്റ് പ്രാഥമിക സൗകര്യങ്ങളും പഞ്ചായത്ത് ചെയ്തിരിക്കണം. കൂടാതെ പ്രസ്തുത ഡിപ്പോയിൽ നിന്നും സർവ്വീസ് നടത്തിയാൽ കെ.എസ്.ആർ.ടി.സി-ക്ക് ലാഭം ഉണ്ടാകുമെന്ന് ബോദ്ധ്യമായാൽ മാത്രമേ ഡിപ്പോ അനുവദിക്കുകയുള്ളൂ.

(ബി) കുമിളിയിൽ ഡിപ്പോ ആരംഭിക്കുന്നത് ഈ മാനദണ്ഡങ്ങൾ അനുസരിച്ചായിരിക്കും.

(സി) ഇല്ല.

(ഡി)-(എഫ്) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly